# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1104** **12/07/2016-ൽ മറുപടിയ്ക്**

**"അധുനിക അറവുശ്ശാല സംവിധാനം സ്ഥാപിക്കുന്നതിന് നടപടി"**

| ചോദ്യം<br>(ശ്രീ.എം. മുകേഷ്) | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പൊതു നിരത്തുകളും ജലസ്രോതസുകളും മലിനമാക്കുന്ന വിധത്തിൽ അറവുശാല കളിൽ നിന്നുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്ന സാഹചര്യത്തിൽ പഞ്ചായത്ത് തലങ്ങളിലോ നഗരസഭ തലങ്ങളിലോ ആധുനിക അറവുശാല സംവിധാനം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | പ്രായോഗിക ബിസിനസ് മാതൃകകളിൽ സാങ്കേതിക മികവുള്ളതും ഉയർന്ന ശേഷിയുള്ളതും പരമാവധി പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കിയുമുള്ള അറവുശാല സംവിധാനം പഞ്ചായത്ത്, നഗരസഭ, തലങ്ങളിൽ സ്ഥാപിക്കുന്നതിനാണ് മുൻഗണന നല്കിവരുന്നത്. |
| (ബി) | ഇത്തരത്തിൽ ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ? | (ബി) | അറവുശാല നിർമ്മാണ പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി നൽകുന്നതിന് ശുചിത്വമിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അറവുശാല നിർമ്മാണത്തിനായി 18 ഗ്രാമ പഞ്ചായത്തുകൾക്കും 24 മുൻസിപ്പാലിറ്റികൾക്കും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ അറവുശാല നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനായി 2016-17 വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ